# സത്യമതം




المكتب التعاوني للدعوة والإرشاد وتوعية الجاليات بحي سلطانة بالرياض
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد


هاتف ٤٢٤٠٠٧٧ فاكس ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ شارع السويدي - السعودية
بريد إلكتروني، E-mail : Sultanah@hotmail.com

# الـــدين الحـــق

**اللغة الماليبارية: مليالم**

**ترجمة: شعبة توعية الجاليات في الزلفي**

**الطبعة الأولى ١٤١٧/١١ هـ.**


ⓒ شعبة توعية الجاليات في الزلفي ، ١٤١٧هـ



*فهرسة مكتبة الملك فهد الوطنية أثناء النشر*

المكتب التعاوني للدعوة والارشاد وتوعية الجاليات - الزلفي

الدين الحق - الزلفي.

٢٤ ص ؛ ١٠ × ١٤ سم

ردمك : ٠ - ٢٩ - ٨١٣ - ٩٩٦٠

(النص بلغة مليالم)

١- الإسلام ٢- التوحيد ٣- العقيدة الإسلامية

أ- العنوان

ديوي ٢٤٠ ١٧/٣١٣٢

رقم الايداع ١٧/٣١٣٢

ردمك : ٠ - ٢٩ - ٨١٣ - ٩٩٦٠

**الصف: شعبة توعية الجاليات في الزلفي**

# മുഖവുര

ഇസ്‌ലാമിനെ കുറിച്ചുള്ള വളരെ ചെറിയ ഒരു പരിചയപ്പെടുത്തൽ മാത്രമാണിീ കൊച്ചു കൃതി. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ വസിക്കുന്ന 120 കോടിയിലധികം വരുന്ന മുസ്‌ലിംകളുടെ മതവിശ്വാസത്തിൻെറ അടിസ്ഥാനങ്ങളെ കുറിച്ച് വ്യക്തമായ ഒരുധാരണ ഇതു വായിച്ചു കഴിയുമ്പോൾ താങ്കൾക്കു ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഇവ്വിഷയകമായി താങ്കൾക്കുള്ള എല്ലാസംശയങ്ങളും ഞങ്ങൾ സ്വാഗതംചെയ്യുന്നു. അവക്കെല്ലാം വ്യക്തമായ മറുപടികളും വാഗ്ദത്തം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾ അറിയാനാവശ്യമായ മറ്റുപുസ്തകങ്ങൾ നൽകാനും ഞങ്ങൾ സന്നദ്ധമാണ്.

## ആരാധ്യൻ അല്ലാഹുമാത്രം

ഇസ്‌ലാം മതത്തിൻെറ അടിസ്ഥാനശില ഏകദൈവ വചനമായ 'ലാഇലാഹ ഇല്ലല്ലാഹ്' (ആരാധനക്കർഹ നായി യഥാർത്ഥ ദൈവമല്ലാതെ യാതൊന്നുമില്ല) ആകുന്നു. അതിശക്തമായ ഈ അടിസ്ഥാന ശിലയില്ലെങ്കിൽ ഉത്തുംഗമായ ഇസ്‌ലാം ഇല്ല. ഇസ്‌ലാം സ്വീകരിക്കുന്ന ഏതൊരാളും ആദ്യമായി ഉച്ചരിച്ചിരിക്കേണ്ട വചനമാണിത്. ഇതിൻെറ പൂർണ്ണ അർത്ഥം മനസ്സിലാക്കി, വിശ്വാസപൂർവ്വമാണ് ചൊല്ലേണ്ടത്. എന്താണീ വാക്കിൻെറ അർത്ഥം? അതിൽ എന്തെല്ലാം ഉൾക്കൊള്ളുന്നു?

- ☐ സ്രഷ്ടാവായി അല്ലാഹുവല്ലാതെ ആരുമില്ല.
- ☐ ഈ പ്രപഞ്ചത്തിന് ഉടമസ്ഥനും പരിപാലകനുമായി അല്ലാഹുവല്ലാതെ ആരുമില്ല.
- ☐ ആരാധനക്ക് യഥാർത്ഥ അർഹൻ അല്ലാഹുവല്ലാതെ യാതൊന്നുമില്ല.

## അല്ലാഹു

പ്രവിശാലവും അതിസുന്ദരവും അത്യപൂർവ്വവുമായ ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവ്. മിന്നിപ്രകാശിക്കുന്ന നക്ഷത്രങ്ങളും നിശ്ചിത ഭ്രമണപഥത്തിലൂടെ ചലിച്ചുകൊണ്ടിരിക്കുന്ന ഗ്രഹങ്ങളും നിറഞ്ഞുനിൽക്കുന്ന ആകാശം പടച്ചവൻ. പർവ്വതങ്ങൾ, താഴ്‌വരകൾ, കുന്നുകൾ, പുഴകൾ, മരങ്ങൾ, ചെടികൾ, വായു, ജലം, കര, കടൽ, രാവ്, പകൽ എന്നിത്യാദി ചലിക്കുന്നവയും നിശ്ചലവുമായ വസ്തുക്കളെല്ലാം നിറഞ്ഞുനിൽക്കുന്ന ഭൂമിയെ ഇല്ലായ്മയിൽ നിന്നും സൃഷ്ടിച്ചു സംവിധാനിച്ചവൻ.

ഇവയെല്ലാം അല്ലാഹുവിൻെറ സൃഷ്ടികളാണ്. ഭൂമിയെ അവൻ വാസയോഗ്യമാക്കിയിരിക്കുന്നു. ജീവിക്കാനാവശ്യമായ തോതനുസരിച്ച് അതിൽ ആകർഷണശക്തി അവൻ ക്രമീകരിച്ചിരിക്കുന്നു. വർദ്ധിച്ചാൽ അതിലുള്ള ഒന്നും ചലിക്കുകയില്ല. കുറഞ്ഞാൽ എല്ലാവസ്തുക്കളും പറന്നുപോകും. എല്ലാറ്റിൻെറയും നിയന്ത്രണം അവൻെറ കയ്യിൽ മാത്രമാകുന്നു.

ജീവൻെറ നിലനിൽപിൻെറ തന്നെ ആധാരമായ ശുദ്ധജലം ആകാശത്തുനിന്നും അവനിറക്കി. അതുകൊണ്ട് ചെടികളും ഫലങ്ങളും ഉൽപാദിപ്പിച്ചു. മനുഷ്യനും മൃഗങ്ങൾക്കും പക്ഷികൾക്കും പാനജലം നൽകി. ആ വെള്ളം സൂക്ഷിച്ചുവക്കാൻ ഭൂമിയെ പാകപ്പെടുത്തി. എന്നിട്ട് അതിൽ നിന്ന് അരുവികളും നദികളും ഉണ്ടാക്കി.

അല്ലാഹു സൃഷ്ടിച്ച ഒന്നാമത്തെ മനുഷ്യൻ -ആദിപിതാവ്- ആദം ആകുന്നു. അദ്ദേഹം മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. അല്ലാഹു അദ്ദേഹത്തെ മനുഷ്യനാക്കി രൂപകൽപന ചെയ്തശേഷം അദ്ദേഹത്തിൽ ആത്മാവിനെ നിക്ഷേപിച്ചു. പിന്നീട് അദ്ദേഹത്തിൽ നിന്നു തന്നെ തൻെറ ഇണയെയും സൃഷ്ടിച്ചു. അനന്തരം അദ്ദേഹത്തിൻെറ സന്താനപരമ്പരയെ ഇന്ദ്രിയ കണത്തിൽ നിന്നും ഉണ്ടാക്കി.

താങ്കൾക്കുവേണ്ടി അല്ലാഹു സൃഷ്ടിച്ച കാര്യങ്ങളെ കുറിച്ചൊന്ന് ചിന്തിച്ചുനോക്കൂ. അദ്ഭുതത്തിന് അതിനപ്പുറം എന്തുവേണം? അതിസൂക്ഷ്മങ്ങളായ ഉപകരണങ്ങളും അതിവിദഗ്ദമായ ക്രമീകരണങ്ങളും. അവയുടെയൊന്നും പ്രവർത്തനങ്ങളെകുറിച്ചു പോലും താങ്കൾക്ക് അൽപമല്ലാതെ അറിയുകയില്ല. എന്നിട്ടല്ലേ അവയുടെ നിയന്ത്രണം. തീർത്തും അസാദ്ധ്യം

ഭക്ഷണം ദഹിപ്പിക്കുന്ന ദഹനേന്ദ്രിയം, രക്ത ചംക്രമണം, ശ്വസനേന്ദ്രിയം, നാഡീവ്യൂഹം, വിസർജ്ജനേന്ദ്രിയം... ദിനേനയെന്നോണം ഇവയെകുറിച്ചെല്ലാമുള്ള വർദ്ധിത വിജ്ഞാനങ്ങൾ നമുക്ക് ലഭിച്ചു കൊണ്ടേയിരിക്കുന്നു. എന്നാലും നമുക്കറിയാത്ത കാര്യങ്ങൾ എത്രയോ ബാക്കിതന്നെ. ഇത്ര വിദഗ്ദമായി മനുഷ്യനെ സൃഷ്ടിച്ചത് അല്ലാഹുവല്ലാതെ ആരാണ് ?

അതുകൊണ്ടാണ് സ്രഷ്ടാവായ ദൈവത്തിനു സമന്മാരെയും പങ്കാളികളെയും നിശ്ചയിക്കൽ ഭൂമുഖത്തെ ഏറ്റവും മഹാപാപമായി ഗണിക്കപ്പെടുന്നത്.

തുറന്ന മനസ്സോടെ ഈ കാര്യങ്ങളെയൊന്ന് സമീപിക്കൂ. താങ്കൾ യഥേഷ്ടം ശ്വസിച്ചുകൊണ്ടിരിക്കുന്ന, എല്ലായിടത്തും താങ്കളിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുന്ന വായുവിനെ കുറിച്ചൊന്നാലോചിച്ചു നോക്കൂ. കാഴ്ചക്കു വിഷയീഭവിക്കാത്ത, വർണ്ണമില്ലാത്ത ഒരുവസ്തു. അൽപനിമിഷം അതു ലഭ്യമാകാതിരുന്നാൽ ജീവൻ തന്നെ നശിക്കും.

താങ്കൾ കുടിക്കുന്ന വെള്ളം, കഴിക്കുന്ന ഭക്ഷണം, താങ്കൾ സ്നേഹിക്കുന്ന മനുഷ്യൻ, താങ്കൾ നടന്നു നീങ്ങുന്ന ഭൂമി, മേലോട്ടു നോക്കിയാൽ കാണുന്ന ആകാശം, താങ്കളുടെ കണ്ണുകൊണ്ട് കാണാവുന്നതും കാണാത്തതും, ചെറുതും വലുതുമായ എല്ലാവസ്തുക്കളും സർവ്വജ്ഞനായ സ്രഷ്ടാവിൻെറ സൃഷ്ടിയല്ലേ? അല്ലാഹുവിൻെറ സൃഷ്ടികളെ കുറിച്ചുള്ള ചിന്ത അല്ലാഹുവിൻെറ മഹത്വവും കഴിവും നമുക്ക് പരിചയപ്പെടുത്തിത്തരും.

അത്യപൂർവ്വവും അതിവിദഗ്ദവും മഹത്തായ ശക്തിയുടെ സൂചകവുമായ ഈ സൃഷ്ടിവൈഭവം കണ്ടിട്ടും,

ഇല്ലായ്മയിൽ നിന്നും ഇതെല്ലാം ഉണ്ടാക്കിയ സ്രഷ്ടാവിൽ വിശ്വസിക്കാത്തവൻ ഏറ്റവുംവലിയ ദുർമാർഗ്ഗിയും വിഢിയും തന്നെ.

മഹാനായ ഈ സ്രഷ്ടാവ്, അവനെപ്പോലെ യാതൊന്നും തന്നെയില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു. തൻെറ സൃഷ്ടികളോട് യാതൊന്നിനോടും അവന് യാതൊരു സാമ്യതയുമില്ല. ആകാശങ്ങൾക്കു മുകളിൽനിന്ന് അവൻ നമ്മെ കാണുന്നു. നാം അവനെ കാണുന്നുമില്ല.

അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു. ജീവിത മരണങ്ങൾ അവൻെറ കയ്യിലാകുന്നു. എല്ലാ സൃഷ്ടികൾക്കും അവൻെറസഹായം ആവശ്യമാണ്. അവനാണെങ്കിൽ അവരുടെയൊന്നും ആശ്രയം ആവശ്യമില്ലാത്തവനും. നമ്മുടെ നാവുകൾ സംസാരിക്കുന്നത്, അവയവങ്ങൾകൊണ്ട് പ്രവൃത്തിക്കുന്നത്, മനസ്സിൽ നിഗൂഢമായി വച്ചത് ഇവയെല്ലാം അതിസൂക്ഷ്മമായി അറിയുന്നവനാണവൻ.

അല്ലാഹു സദാ നമ്മെ വീക്ഷിച്ചു കൊണ്ടിരിക്കുന്നു. നമ്മെകുറിച്ച് പൂർണ്ണമായി അറിയുന്നു. ആകാശ ഭൂമികളിലുള്ള യാതൊന്നും അവന്ന് അവ്യക്തമായി പോകുന്നില്ല. അശ്രദ്ധയോ മയക്കമോ ഉറക്കമോ അവനെ ബാധിക്കില്ല. അല്ലാഹുവിൻേറതായി മേൽപറയപ്പെട്ട വിശേഷണങ്ങൾ അന്യൂനവും സമ്പൂർണ്ണവുമാണ്.

പരിശുദ്ധനായ ദൈവം, അവൻെറ ആധിപത്യത്തിൽ അവനു പങ്കാളിയോ സമന്മാരോ ഇല്ല. പുത്ര കളത്രാദികളിൽ നിന്നെല്ലാം അവൻ പരിശുദ്ധൻ. അവരുടെയൊന്നും ആവശ്യം അവനില്ല.

അപ്പോൾ "ലാഇലാഹ ഇല്ലല്ലാഹു" വിൻെറ അർത്ഥം

ഇങ്ങനെ പറയാം, പരമമായ കീഴ്വണക്കവും ആരാധനയും അല്ലാഹുവിനല്ലാതെ മറ്റൊന്നിനും ചെയ്തുകൂട. ദിവ്യത്വത്തിൻെറ സമ്പൂർണ്ണ വിശേഷണങ്ങൾ ഒത്തുചേർന്നവനാണവൻ. അവൻ സ്രഷ്ടാവും അന്നദാതാവും അനുഗ്രഹദാതാവുമാണ്. ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവൻ. അവന്ന് യാതൊരു പങ്കാളിയുമില്ല. അവൻ മാത്രമാണ് ആരാധനക്കർഹൻ.

ഈ ആരാധനയെ നിരസിക്കുന്നവൻ, അല്ലെങ്കിൽ മറ്റുവല്ലതിനെയും ആരാധിക്കുന്നവൻ അവൻ ബഹുദൈവവിശ്വാസിയും സത്യനിഷേധിയുമായിത്തീരും. അതുകൊണ്ട് സാഷ്ടാംഗവും കുമ്പിടലും കീഴ്വണക്കവും പ്രാർത്ഥനകളും അല്ലാഹുവിനോടല്ലാതെ പാടില്ല. അവനോടല്ലാതെ ശരണംതേടിക്കൂട. തേട്ടങ്ങളെല്ലാം അവനോടുമാത്രം. ആവശ്യങ്ങൾ അവനോടല്ലാതെ ചോദിക്കപ്പെട്ടുകൂടാ. പുണ്യകർമ്മങ്ങളാൽ അവൻെറ സാമീപ്യം മാത്രമേ കാംക്ഷിക്കാവൂ.

## നാമെന്തിന് സൃഷ്ടിക്കപ്പെട്ടു ?

അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കാനാണ് അവൻ നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. ഈ കീഴ്വണക്കം സാർത്ഥകമാക്കുന്നതിലൂടെ നമ്മുടെ വിജയം പരീക്ഷിക്കുവാനും. അല്ലാഹുവിനെ സ്നേഹിച്ച്, അവനു കീഴ്പെട്ടവൻ, അവൻെറ വിധിവിലക്കുകൾക്കു വിധേയനായവൻ അവൻെറ കരുണാകടാക്ഷങ്ങൾക്കും തൃപ്തിക്കും പാത്രീഭവിക്കും. അവർക്കവൻ നല്ലപ്രതിഫലം നൽകും. തന്നെ സൃഷ്ടിച്ച, തനിക്ക് അന്നംനൽകുന്ന നാഥൻെറ ആരാധനയെ നിരസിച്ചും അഹങ്കരിച്ചും വിധിവിലക്കുകൾക്കു വിധേയനാകാതെയും ജീവിച്ചവൻ ദൈവകോപത്തിനും

വേദനാജനകമായ ശിക്ഷക്കും പാത്രീഭവിക്കും. അല്ലാഹു നമ്മെ തമാശയായി, വൃഥാ സൃഷ്ടിച്ചതല്ല. കാഴ്ചയും കേൾവിയും ബുദ്ധിയുമുള്ളവനായി ലോകത്തുവന്ന് കുറച്ചുകാലം ജീവിച്ചശേഷം ചത്തുമണ്ണടിഞ്ഞു പോവുക, താൻ എന്തിനാണ് ഇവിടെവന്നത്, എവിടേക്കാണ് പോകേണ്ടത് എന്നൊന്നും അറിയാതെ പോകുന്നവനെക്കാൾ വിഢി മറ്റാരെങ്കിലുമുണ്ടോ? അല്ലാഹു ചോദിക്കുന്നു:

**അപ്പോൾ നാം നിങ്ങളെ വൃഥാസൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കയാണോ?** (വി.ഖു 23:115).

ഈ ദൈവത്തിൽ വിശ്വസിക്കുകയും, അവനിൽ ഭരമേൽപിക്കുകയും, അവനെ ഇഷ്ടപ്പെടുകയും അവൻെറ വിധി അംഗീകരിക്കുകയും അവനു കീഴ്പെടുകയും ആരാധനയിലൂടെ അവൻെറ സാമീപ്യം കാംക്ഷിക്കുകയും, ദൈവപ്രീതി സദാകാംക്ഷിക്കുകയും ചെയ്തവനും, തൻെറ സ്രഷ്ടാവായ ദൈവത്തെയും അവൻെറ ദൃഷ്ടാന്തങ്ങളെയും നിഷേധിക്കുകയും ചെയ്തവനും ഒരിക്കലും തുല്യരല്ല. ഒന്നാമത്തെവൻ പ്രതിഫലത്തിനും, മാന്യതക്കും അർഹൻ. അപരൻ കോപത്തിനും ശിക്ഷക്കും നിന്ദ്യതക്കും അർഹൻ.

മരണാനന്തരം അല്ലാഹു മനുഷ്യരെ ഉയിർത്തെഴുന്നേൽപിക്കും. സദ്വൃത്തന് അനുഗ്രഹ പൂർണ്ണമായ സ്വർഗ്ഗം പ്രതിഫലമായി നൽകപ്പെടും. ദുർവൃത്തന് വേദനാജനകമായ നരകശിക്ഷയും.

## മുഹമ്മദ് അല്ലാഹുവിൻെറ ദൂതൻ

മുഹമ്മദ് നബിയുടെ പ്രവാചക ദൗത്യത്തിൽ വിശ്വസിക്കുക. ഇത് ഇസ്ലാമിൻെറ പ്രഥമ സ്തംഭത്തിൻെറ രണ്ടാമത്തെ ഭാഗമാണ്. "ആരാധനക്കർഹൻ യാതൊന്നുമില്ല, അല്ലാഹു ഒഴികെ, മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു" എന്ന രണ്ടുസാക്ഷ്യവാക്യങ്ങൾ പറയുന്നതിലൂടെ മാത്രമേ ഒരാൾ മുസ്ലിമായിത്തീരുകയുള്ളൂ.

ഓരോ ദൂതനും മനുഷ്യനാണ്. സത്യസന്ധതയുടെയും സൽസ്വഭാവങ്ങളുടെയും ഉച്ചസ്ഥായിയിലുള്ള ഒരു വ്യക്തി. ജനങ്ങളിൽ നിന്നും അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുത്തു. അനന്തരം അല്ലാഹു ഉദ്ദേശിക്കുന്ന മതശാസനകളും അദൃശ്യകാര്യങ്ങളും അദ്ദേഹത്തിന് ദിവ്യസന്ദേശമായി അവൻ നൽകുന്നു. അത് ജനങ്ങൾക്കിടയിൽ പ്രബോധനം ചെയ്യാൻ കൽപിക്കപ്പെടുന്നു. പ്രവാചകൻ ഒരു മനുഷ്യനാണ്. മറ്റുള്ള മനുഷ്യരെപ്പോലെത്തന്നെ. ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നു, അവർക്കാവശ്യമുള്ളതെല്ലാം അദ്ദേഹത്തിനും ആവശ്യമാണ്. പക്ഷെ അല്ലാഹുവിൽനിന്നും തനിക്കു ലഭിച്ചു കൊണ്ടിരിക്കുന്ന ദിവ്യസന്ദേശത്താൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും വ്യതിരിക്തത പുലർത്തുന്നു. ജനങ്ങൾക്കിടയിൽ പ്രബോധനം ചെയ്യാനുള്ള മതശാസനകളും അല്ലാഹു ഉദ്ദേശിക്കുന്ന അദൃശ്യകാര്യങ്ങളും അദ്ദേഹം അറിഞ്ഞു കൊണ്ടിരിക്കുന്നു. മതശാസനകളെ ബാധിക്കുന്നതോ, പാപങ്ങളോ ആയ തെറ്റുകളിൽ നിന്നും സംരക്ഷിക്കപ്പെട്ടവനുമാണദ്ദേഹം.

ആദിപിതാവ് ആദമിനുശേഷം പ്രഥമദൂതൻ നൂഹ് (അ) [നോഹ] ആകുന്നു. അദ്ദേഹത്തിനും ആദമിനുമിട

യിൽ പത്ത്നൂറ്റാണ്ടു കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിൻെറജനത വഴിപിഴച്ചു, ദൈവേതരരെ ആരാധിച്ചപ്പോളാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. അവർ വിഗ്രഹങ്ങൾ, കല്ലുകൾ, ശവകുടീരങ്ങൾ എന്നിവയെയായിരുന്നു ആരാധിച്ചിരുന്നത്. ഏകദൈവാരാധനയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരാനായി അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു. അദ്ദേഹത്തിൻെറ ജനതയെ ഏകദൈവാരാധനയിലേക്ക് ക്ഷണിച്ചുകൊണ്ട് ദീർഘകാലം ആ ദൗത്യനിർവ്വഹണം നടത്തിയെങ്കിലും വളരെ കുറച്ചു പേർ മാത്രമേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ.

അതിനുശേഷം ഭൂമുഖത്തുള്ള വിവിധമനുഷ്യ സമുദായങ്ങളിലേക്ക് അല്ലാഹു ദൂതരെ നിയോഗിച്ചു. ഒരു മുന്നറിയിപ്പുകാരനായ പ്രവാചകൻ വന്നിട്ടില്ലാത്ത ഒരു സമുദായവും ഭൂമുഖത്തില്ല. അവരിൽ ചിലരെ കുറിച്ച് അല്ലാഹു നമുക്ക് വിവരിച്ചുതന്നിട്ടുണ്ട്. പലരെ കുറിച്ചും പറഞ്ഞു തന്നിട്ടില്ല. അവരെല്ലാവരും നിർവ്വഹിച്ച ദൗത്യം ഒന്നുതന്നെയായിരുന്നു. പങ്കുകാരില്ലാത്തവിധം ഏകദൈവത്തെ ആരാധിക്കുക, ദൈവേതരർക്കുള്ള ആരാധന വെടിയുക.

പിന്നീട് അല്ലാഹു പരിശുദ്ധമക്കയിൽ മുഹമ്മദ് നബി (സ) യെ നിയോഗിച്ചു. അദ്ദേഹത്തിൻെറ ദൗത്യത്തിനു തെളിവായിക്കൊണ്ട് ദൃഷ്ടാന്തങ്ങളും അമാനുഷിക സംഭവങ്ങളും കൊണ്ട് അദ്ദേഹത്തിനു ശക്തിപകർന്നു. അദ്ദേഹത്തിലൂടെ പ്രവാചകത്വം അവസാനിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മതത്തെ അവസാനത്തെ മതവുമാക്കി. ലോകാവസാനം വരെ ആമതത്തെ ഭേദഗതികളിൽ നിന്നും സംരക്ഷിക്കുകയും ചെയ്തു.

## ആരാണ് മുഹമ്മദ് ? അദ്ദേഹത്തിൻെറ ജനത ആരായിരുന്നു? എങ്ങനെ നിയോഗിക്കപ്പെട്ടു?

അറബികളിലെ ഖുറൈശി ഗോത്രക്കാരനായ അബ്ദുൽമുത്വലിബിൻെറ പുത്രൻ അബ്ദുല്ലായുടെ മകനാണ് മുഹമ്മദ്. ക്രി.പി.571-ാം വർഷം അദ്ദേഹം ജനിച്ചു. മാതാവ് അദ്ദേഹത്തെ ഗർഭം ധരിച്ചിരിക്കവെ പിതാവ് മരണപ്പെട്ടു. പിതാമഹൻ അബ്ദുൽ മുത്വലിബിൻെറ സംരക്ഷണത്തിൽ അനാഥനായാണ് വളർന്നത്. പിതാമഹൻെറ മരണശേഷം പിതൃവ്യൻ അബൂത്വാലിബ് അദ്ദേഹത്തെ സംരക്ഷിച്ചു.

മുഹമ്മദ് വിശ്വസ്തനും സത്യസന്ധനും സൽസ്വഭാവിയുമായിരുന്നു. ബന്ധുവിനും അകന്നവനും പ്രിയപ്പെട്ടവനായിരുന്നു. ജനങ്ങൾക്കിടയിൽ ഉന്നതനും ആദരണീയനുമായിരുന്നു. അൽഅമീൻ (വിശ്വസ്ഥൻ) എന്ന നാമത്തിലാണ അദ്ദേഹം അറിയപ്പെട്ടിരുന്നത്. അവർ യാത്രപോകുമ്പോൾ അവരുടെ സ്വത്തുക്കൾ സൂക്ഷിക്കാൻ അദ്ദേഹത്തെ ഏൽപിക്കുമായിരുന്നു. സൽസ്വഭാവത്തോടൊപ്പം സുന്ദരരൂപിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തെ ഒരിക്കലെങ്കിലും കണ്ടവർക്ക് മതിവരാറുണ്ടായിരുന്നില്ല.

നബിയുടെജനങ്ങളും കുടുംബക്കാരും പരിശുദ്ധ കഅ്ബയുടെ പരിസരത്ത്, മക്കയിലായിരുന്നു വസിച്ചിരുന്നത്. അവരും ചുറ്റുമുള്ള ഗോത്രങ്ങളും വിഗ്രഹാരാധകരായിരുന്നു. കല്ലും മരവും സ്വർണ്ണവും കൊണ്ടുള്ള വിഗ്രഹങ്ങളാൽ അവർ കഅ്ബയുടെ പരിസരം നിറച്ചിരുന്നു. അവയെ പുണ്യവസ്തുക്കളാക്കി ആരാധിക്കുക

യും നന്മതിന്മകൾ അവയുടെ പക്കലാണെന്ന് അവർ വിശ്വസിക്കുകയും ചെയ്തു. മക്കയുടെ വെളിയിലും അല്ലാഹുവിനെ കൂടാതെ വിഗ്രഹങ്ങളും വൃക്ഷങ്ങളും ആരാധിക്കപ്പെട്ടിരുന്നു. ഈ ചുറ്റുപാടിൽ അവരുടെ ജീവിതം അഹങ്കാരം, ഗോത്രമഹിമ, കയ്യേറ്റം, ഗോത്രകലഹങ്ങൾ എന്നിവകൊണ്ട് പൂരിതമായിരുന്നു. എന്നിരുന്നാലും ധൈര്യം, ആതിഥ്യമര്യാദ, സത്യസന്ധത തുടങ്ങിയ നല്ലഗുണങ്ങളും അവരിൽ ഉണ്ടായിരുന്നു.

മുഹമ്മദിനു നാൽപതു വയസ്സ് പൂർത്തിയായപ്പോൾ അദ്ദേഹം മക്കയുടെ വെളിയിലുള്ള "ഹിറാ" എന്ന ഗുഹയിലിരിക്കെ അദ്ദേഹത്തിനു ആദ്യദിവ്യസന്ദേശം വന്നു. ജിബ്രീൽ എന്ന മാലാഖ വന്ന് അദ്ദേഹത്തിന് ആദ്യത്തെ ദിവ്യസന്ദേശം നൽകിയത് ഇതായിരുന്നു.

**സൃഷ്ടിച്ചവനായ നിൻെറരക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവുംവലിയ ഔദാര്യവനാകുന്നു. മനുഷ്യൻ അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു** (വി.ഖു. 96:1-5).

തുടർന്നു മാലാഖ തിരിച്ചുപോയി. നബി (സ) ഭയവിഹ്വലനായി വീട്ടിലേക്കുമടങ്ങി. പ്രിയപത്നി ഖദീജയോട് പറഞ്ഞു: എനിക്കു പുതപ്പിട്ടു മൂടിത്തരൂ. എനിക്ക് എന്താക്കെയോ സംഭവിക്കുമെന്നെനിക്ക് പേടിതോന്നുന്നു. ഭാര്യ പറഞ്ഞു: ഇല്ല. അല്ലാഹു നിങ്ങളെ ഒരിക്കലും അപമാനിക്കുകയില്ല. താങ്കൾ കുടുംബബന്ധം ചേർക്കുന്നവനും പരാശ്രയരുടെ ഭാരം ചുമക്കുന്നവനും വിപൽ

ഘട്ടങ്ങളിൽ യഥാർത്ഥസഹായം നൽകുന്നവനുമാകുന്നു.

പിന്നീടൊരിക്കൽ മാലാഖ യഥാർത്ഥ രൂപത്തിൽ നബിയുടെ അടുക്കൽ വന്നു. ചക്രവാളത്തിൽ നിറഞ്ഞു നിൽക്കുന്നതായിരുന്നു ആരൂപം. മാലാഖ പറഞ്ഞു, മുഹമ്മദ് ! ഞാൻ ജിബ്‌രീലാകുന്നു, താങ്കൾ അല്ലാഹുവിൻെറ ദൂതനും.

പിന്നീട് ദിവ്യസന്ദേശം അടിക്കടി വന്നുകൊണ്ടേയിരുന്നു. തൻെറജനതയോട് ഏകദൈവവിശ്വാസം വിളംബരം ചെയ്യാനായിരുന്നു കൽപന. ബഹുദൈവാരാധനയിൽ നിന്നും സത്യനിഷേധത്തിൽനിന്നും പിന്തിരിയാനുള്ള താക്കീതും. അടുത്തയാൾക്കാരെ ഓരോരുത്തരായി ഇസ്‌ലാമിലേക്കു ക്ഷണിച്ചുതുടങ്ങി. ആദ്യമായി വിശ്വസിച്ചത് സ്വപത്നി ഖദീജയായിരുന്നു. പിന്നീട് കൂട്ടുകാരൻ അബൂബകറും പിതൃവ്യ പുത്രൻ അലിയും.

ജനം ഈ വിവരമറിഞ്ഞു. അദ്ദേഹത്തെ അവർ നേരിട്ടത് ശത്രുതയും കുതന്ത്രങ്ങളും കൊണ്ടായിരുന്നു. എന്നാലും പ്രവാചകൻ തൻെറപ്രബോധന പ്രവർത്തനങ്ങളിൽ തന്നെ ഉറച്ചുനിന്നു. നിങ്ങൾ "ലാഇലാഹ ഇല്ലല്ലാഹ് പറയുക, എന്നാൽ നിങ്ങൾ വിജയിക്കും" ഇതായിരുന്നു അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നത്. എന്ത് ! ദൈവങ്ങളെയെല്ലാം ഒരൊറ്റദൈവമാക്കിയോ ഇവൻ ? ഇത് അദ്ഭുതം തന്നെ ! ഇതായിരുന്നു അവരുടെ പ്രതികരണം.

അവരകപ്പെട്ട ദുർമാർഗ്ഗത്തെ കുറിച്ചു മുന്നറിയിപ്പു നൽകിക്കൊണ്ടും, സന്മാർഗ്ഗത്തിലേക്കവരെ ക്ഷണിച്ചുകൊണ്ടും ദിവ്യവചനങ്ങൾ ഇറങ്ങിക്കൊണ്ടേയിരുന്നു. എന്നാൽ ഈ വചനങ്ങളും പ്രബോധനവും സ്വീകരി

ക്കുന്നതിനു പകരം അവർ കൂടുതൽ അഹങ്കാരികളും ധിക്കാരികളുമാകുകയാണ് ചെയ്തത്. മാത്രമല്ല ഇസ്ലാം സ്വീകരിക്കുന്നവരെ- വിശിഷ്യ ദുർബലരെ- കഠിനമായി ശിക്ഷിക്കാനും തുടങ്ങി.

പ്രവാചകനുമായി ഒരു വിലപേശൽ നടത്താൻ ഖുറൈശികൾ ശ്രമംനടത്തി. സമ്പത്തും, അധികാരവും മറ്റുസുഖഭോഗ വസ്തുക്കളും അവർ നബിക്കുമുന്നിൽ വച്ചുനീട്ടി. പകരം തങ്ങൾ പരമ്പരാഗതമായി ആരാധിച്ചു ആദരിച്ചുവരുന്ന ദൈവങ്ങളെ ദുഷിച്ചു പറയുന്ന പുതിയ മതപ്രബോധനം നിർത്തുക എന്ന നിബന്ധന മാത്രം. പ്രവാചകൻെറ നിലപാട് ഖണ്ഢിതമായിരുന്നു. കാരണം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കാൻ അല്ലാഹു കൽപിച്ച കാര്യമത്രെ ഇത്. ഇതിൽ നിന്നും ഒഴിവായാൽ അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കും. അവരോടദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങൾക്ക് നന്മ ഉദ്ദേശിക്കുന്നു. നിങ്ങൾ എൻെറ ജനതയും കുടുംബക്കാരുമല്ലേ? "അല്ലാഹു സത്യം, ജനങ്ങളോട് മുഴുവൻ ഞാൻ കള്ളം പറഞ്ഞാലും നിങ്ങളോട് ഞാൻ കള്ളംപറയുകയില്ല. ജനങ്ങളെ മുഴുവൻ ഞാൻ വഞ്ചിച്ചാലും നിങ്ങളെ ഞാൻ വഞ്ചിക്കുകയില്ല". വിലപേശൽ ഫലംകാണാതെ വന്നപ്പോൾ ഖുറൈശികളുടെ ശത്രുത പതിന്മടങ്ങ് വർദ്ധിച്ചു.

ഒരിക്കൽ യഥ്രിബ് ( പിൽകാലത്തെ മദീന ) പട്ടണത്തിൽനിന്നും ഒരു ചെറുസംഘം പ്രവാചകൻെറയടുക്കൽ വന്നു. അവരെയദ്ദേഹം ഇസ്ലാമിലേക്കു ക്ഷണിച്ചു. അവർ ഇസ്ലാംസ്വീകരിച്ചു. അവർക്ക് ഇസ്ലാം പഠിപ്പിച്ചു കൊടുക്കാൻവേണ്ടി തൻെറ അനുയായികളിൽ ഒരുവനായ മുസ്അബുബ്നു ഉമൈർ എന്നയാളെ അവരുടെ കൂടെ അയച്ചുകൊടുത്തു. അദ്ദേഹം മുഖേന

ധാരാളം മദീനക്കാർ ഇസ്ലാം സ്വീകരിച്ചു.

ഇസ്ലാമിൽ അനുസരണക്കരാർ ചെയ്യാൻ അടുത്ത വർഷം അവർ വീണ്ടും നബിയുടെ അടുക്കൽ വന്നു. അടിച്ചമർത്തപ്പെട്ടവരായ തൻെറഅനുയായികളോട് മദീനയിലേക്ക് പാലായനം ചെയ്യാൻ പ്രവാചകൻ കൽപിച്ചു. അവർ ഒറ്റക്കും കൂട്ടമായും ഹിജ്റ പോയി. (ഇവരാണ് മുഹാജിറുകൾ അഥവാ പാലായനം ചെയ്തവർ എന്നറിയപ്പെടുന്നത്). മദീനക്കാർ അവരെ പൂർണ്ണമനസ്സോടെ സസന്തോഷം സ്വാഗതം ചെയ്തു. അവരുടെ വീടുകളിൽ അവരെ കൂടിയിരുത്തി. അവരുടെ സമ്പത്തും ഭവനങ്ങളും അവർ പങ്കുവച്ചു. (ഈ മദീനക്കാരാണ് അൻസ്വാറുകൾ അഥവാ സഹായികൾ എന്നറിയപ്പെടുന്നത്). ഈ പാലായന വിവരം ഖുറൈശികളുടെ ചെവിയിലുമെത്തി. അവർ നബി (സ) യെ വധിക്കാൻ നിശ്ചയിച്ചു. നബി (സ) അന്തിയുറങ്ങുന്ന വീട് ഉപരോധിക്കുക. എന്നാൽ അല്ലാഹു അദ്ദേഹത്തെ അവരിൽ നിന്നും രക്ഷപ്പെടുത്തി. അവരാരും അറിയാതെ അവർക്കിടയിലൂടെ പ്രവാചകൻ പുറത്തിറങ്ങി അബൂബകറിൻെറ അടുത്തെത്തി. നബിയുടെ അടുക്കൽ ഏൽപിക്കപ്പെട്ട സൂക്ഷിപ്പുസ്വത്തുക്കൾ ഉടമസ്ഥർക്കു തിരിച്ചേൽപിക്കാൻവേണ്ടി പിതൃവ്യ പുത്രൻ അലിയോട് മക്കയിൽ തങ്ങാൻ നബി കൽപിച്ചു.

നബിയെ ജീവനോടെയോ വധിച്ചോ കൊണ്ടുവരുന്നവർക്ക് ഖുറൈശികൾ വിലപ്പെട്ട സമ്മാനങ്ങൾ പ്രഖ്യാപിച്ചു. അല്ലാഹു അവിടെയും അദ്ദേഹത്തെ രക്ഷിച്ചു. തൻെറ കൂട്ടുകാരൻെറകൂടെ സുരക്ഷിതനായി മദീനയിലെത്തി. പൂർണ്ണസന്തോഷത്തോടെയായിരുന്നു മദീനക്കാർ അദ്ദേഹത്തെ എതിരേറ്റത്. ദൈവദൂതൻ വന്നു.

ദൈവദൂതൻ വന്നു എന്നു വിളിച്ചു പറഞ്ഞു കൊണ്ടായിരുന്നു അവരെല്ലാം ഭവനങ്ങളിൽ നിന്ന് പുറത്തിറങ്ങി അദ്ദേഹത്തെ സ്വീകരിക്കാനെത്തിയത്.

ദൈവമതത്തിലേക്കുള്ള പ്രബോധനം നിർവ്വഹിച്ചു കൊണ്ട് നബി (സ) അവിടെ താമസിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ വർദ്ധിച്ചു. വിവിധ പ്രദേശങ്ങളിൽ ഇസ്‌ലാം വ്യാപിച്ചു. അദ്ദേഹത്തെ പുറത്താക്കിയ മക്കയിലും ഇസ്‌ലാം ശക്തിപ്രാപിച്ചു. അറുപത്തിമൂന്നാം വയസ്സിൽ അദ്ദേഹം മരിച്ചു.

ഇതാണ് അന്ത്യപ്രവാചകനും ദൈവദൂതനുമായ മുഹമ്മദ് (സ). ലോകജനതയിലേക്കു മൊത്തം സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായാണദ്ദേഹം നിയോഗിക്കപ്പെട്ടത്. അദ്ദേഹം തന്റെ ദൗത്യം നിർവ്വഹിച്ചു. ഉത്തരവാദിത്വം നിറവേറ്റി. സമുദായത്തോട് ഗുണകാംക്ഷ കാണിച്ചു.

അല്ലാഹു ഇറക്കിക്കൊടുത്ത അവന്റെ വചനമായ "ഖുർആൻ" കൊണ്ട് അദ്ദേഹത്തിനു ശക്തിപകർന്നു. ലോകർമുഴുവൻ പരസ്പരം സഹായിച്ച് ഇതുപോലുള്ള ഒരുഗ്രന്ഥം കൊണ്ടുവരാൻ ശ്രമിച്ചാലും സാധിക്കാത്തവിധം അജയ്യമാണീഗ്രന്ഥം. നൂറ്റിപ്പതിനാല് അദ്ധ്യായങ്ങൾ. ആറായിരത്തിൽപരം വചനങ്ങൾ. ഖുർആനിലെപ്പോലെ ഒരദ്ധ്യായമെങ്കിലും കൊണ്ടുവരാൻ അല്ലാഹുവിന്റെ വെല്ലുവിളി കാലാന്തരങ്ങളെ അതിജയിച്ചു നിൽക്കുന്നു. ഖുർആനിലെ ഏറ്റവുംചെറിയ അദ്ധ്യായത്തിന് മൂന്നുവചനങ്ങളാണുള്ളത്. അവർക്കതിനു സാധിച്ചാൽ അവർ മനസ്സിലാക്കിക്കൊള്ളട്ടെ, ഈ ഖുർആൻ ദൈവീകമല്ലെന്ന്. ഇതാണ് മുഹമ്മദ് നബി (സ) ക്ക്

അല്ലാഹു നൽകിയ ഏറ്റവുംവലിയ അമാനുഷിക ദൃഷ്ടാന്തം.

## മറ്റുചില അമാനുഷിക സംഭവങ്ങൾ

അദ്ദേഹം പാത്രത്തിൽ കൈവച്ചു. തൻെറവിരലുകൾക്കിടയിൽ നിന്ന് വെള്ളം ഉറവയായി വന്നു. ആയിരത്തിൽപരംവരുന്ന സേനാംഗങ്ങൾ അതിൽ നിന്നും വെള്ളം കുടിച്ചു. അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട് ഭക്ഷണത്തിൽ കൈവച്ചു. തളികയിൽ ഭക്ഷണം അധികരിച്ചു. അദ്ദേഹത്തിൻെറ ആയിരത്തഞ്ഞൂറ് അനുയായികൾ അതിൽനിന്നും ഭക്ഷിച്ചു. ആകാശത്തേക്ക് കയ്യുയർത്തി മഴക്കു വേണ്ടി നാഥനോട് തേടി. പ്രാർത്ഥിച്ച സ്ഥലം വിടുന്നതിനുമുമ്പ് അവിടുത്തെ മുഖത്തുകൂടി മഴവെള്ളം ഇറ്റിവീണുകൊണ്ടിരുന്നു. ഇതുപോലെ പല അമാനുഷിക സംഭവങ്ങളും അദ്ദേഹത്തിലൂടെ പ്രത്യക്ഷപ്പെട്ടിരുന്നു.

പ്രവാചകൻ (സ) വാക്കിലും പ്രവൃത്തിയിലും ഏറ്റവുംനല്ല മാതൃകയായിരുന്നു. തനിക്കവതരിപ്പിക്കപ്പെടുന്ന കൽപനകൾ ആദ്യം പ്രാവർത്തികമാക്കുന്ന ആളുമായിരുന്നു. ആരാധനകളും സൽകർമ്മങ്ങളും അനുഷ്ഠിക്കുന്നതിൽ അതീവ തൽപരനായിരുന്നു. അത്യുദാരനായിരുന്നു. തൻെറകയ്യിലുള്ളധനം ദൈവമാർഗ്ഗത്തിൽ അഗതികൾ, ദരിദ്രർ, ആവശ്യക്കാർ എന്നിവർക്ക് ചെലവഴിക്കാതെ വക്കുമായിരുന്നില്ല. അദ്ദേഹത്തിൻെറ അനന്തര സ്വത്ത്വരെ ദാനമായി മാറി. അനുയായികളോട് അദ്ദേഹം പറഞ്ഞു, **"ഞങ്ങൾ, പ്രവാചകർ അനന്തരമെടുക്കപ്പെടുകയില്ല. ഞങ്ങൾ വിട്ടേച്ചു പോയത് ദാനമാകുന്നു".**

നബിയുടെ സ്വാഭാവ മഹിമയിലേക്ക് എത്തിച്ചേരാൻ ഒരാൾക്കും സാധ്യമല്ലതന്നെ. അദ്ദേഹത്തോട് സഹവസി

ച്ചവരെല്ലാം ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നുള്ള സ്നേഹം അദ്ദേഹത്തിനു നൽകാതിരുന്നില്ല. പ്രവാചകൻ (സ) അവർക്ക് സ്വന്തംപിതാവ്, സന്താനങ്ങൾ, ബന്ധുജനങ്ങൾ എന്നിവരെക്കാളെല്ലാം പ്രിയപ്പെട്ടവനായിരുന്നു.

## ഇസ്‌ലാമിൻെറ സ്തംഭങ്ങൾ

### 1-സത്യസാക്ഷ്യം:

ഇസ്‌ലാമിൽ പ്രവേശിക്കുന്നവൻ ആദ്യമായി മൊഴിഞ്ഞിരിക്കേണ്ട സാക്ഷ്യവാക്യമാണിത്. അതിപ്രകാരമാകുന്നു: അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു, വഅശ്ഹദു അന്നമുഹമ്മദൻ റസൂലുല്ലാഹി. അർത്ഥം: ആരാധനക്കർഹനായി അല്ലാഹുവല്ലാതെ യാതൊന്നുമില്ലെന്നും, മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. ഇതിൻെറ വിശദീകരണം നാം മുമ്പ് പറഞ്ഞിട്ടുണ്ട്.

ഇതു പറയുന്നവൻ താഴെപറയുന്ന കാര്യങ്ങൾ വിശ്വസിച്ചിരിക്കണം. അല്ലാഹു ഏകനാണ്. അവനെ ആരും ജനിപ്പിച്ചിട്ടില്ല. അവന്ന് സന്താനങ്ങളുമില്ല. അവന്നു തുല്യമായി യാതൊന്നുമില്ല. അവൻ സ്രഷ്ടാവാണ്. അവനല്ലാത്തവരെല്ലാം അവൻെറ സൃഷ്ടികളും. അവനാണ് ആരാധ്യൻ. ആരാധനക്ക് യഥാർത്ഥ അർഹൻ. അവനല്ലാതെ ആരാധ്യനോ രക്ഷകർത്താവോ ഇല്ല. മുഹമ്മദ് (സ) അവൻെറ ദിവ്യസന്ദേശം നൽകപ്പെട്ട ദൂതനാകുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകൾ പ്രബോധനം ചെയ്തവനുമാകുന്നു. അദ്ദേഹം പറഞ്ഞതു മുഴുവൻ വിശ്വസിക്കൽ നിർബന്ധമാകുന്നു. കൽപിച്ച

തെല്ലാംഅനുസരിക്കണം. വിരോധിച്ചതെല്ലാം വെടിയണം.

## 2-നമസ്കാരം

ഇത് ഒരുദിവസം അഞ്ചുനേരം. അല്ലാഹുവിനുള്ള അടങ്ങയറ്റത്തെ കീഴ്‌വണക്കമാണ് നമസ്കാരത്തിലൂടെ പ്രകടമാകുന്നത്. നാഥൻെറ മുന്നിൽ ഭയഭക്തിപൂർവ്വം, ഖുർആൻ പാരായണം ചെയ്തുകൊണ്ട്, വിവിധങ്ങളായ കീർത്തനങ്ങളാൽ അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ട്, കുമ്പിട്ടും സാഷ്ടാംഗം നമിച്ചും, തൻെറ നാഥനോട് അഭിമുഖ സംഭാഷണവും അനുഗ്രഹങ്ങൾക്കു വേണ്ടി പ്രാർത്ഥനയും നടത്തി മനുഷ്യൻ ഇതു നിർവ്വഹിക്കുന്നു. രഹസ്യ പരസ്യങ്ങൾ അറിയുന്ന സ്രഷ്ടാവും തൻെറ സൃഷ്ടിയും തമ്മിലുള്ള ഏറ്റവും അടുത്തബന്ധമാണിത്. ഇതിലൂടെ ദൈവസാമീപ്യവും സ്നേഹവും സംതൃപ്തിയും അടിമ കരസ്ഥമാക്കുന്നു. അല്ലാഹുവിന്ന് കീഴ്പെടുന്നതിലുള്ള അഹങ്കാരം നിമിത്തം ആരെങ്കിലും ഇതുപേക്ഷിച്ചാൽ അവൻ ദൈവത്തിൻെറ ശാപകോപങ്ങൾക്ക് വിധേയനാകും. ഇസ്‌ലാം മതത്തിൽ നിന്നു തന്നെ പുറത്തുപോവുകയും ചെയ്യും.

## 3-നിർബന്ധ ദാനം

ധനത്തിൻെറ നിശ്ചിത തോതാണിത്. ധനികർക്കാണിത് അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളത്. സമൂഹത്തിലെ ദരിദ്രർ, അഗതികൾ തുടങ്ങി അർഹരായവർക്കാണിത് നൽകപ്പെടുക. അവരുടെ അവശതയകറ്റാനും ആവശ്യപൂർത്തീകരണത്തിനുമാണിത്. നാണയത്തിന് രണ്ടരശതമാനമാണ് നൽകേണ്ടത്.

സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ പരസ്പര പ്രതി

ബദ്ധത വളരാൻ ഇതു കാരണമാകും. അവർക്കിടയിൽ സ്നേഹവും സഹകരണവും ഇണക്കവും വർദ്ധിക്കും. ഇല്ലാത്തവൻ ഉള്ളവനോടു വച്ചുപുലർത്തിയേക്കാവുന്ന വിദ്വേഷവും ഇല്ലാതാകും.

## 4-റമദാൻ വ്രതം

ഉഷസ്സ് മുതൽ പ്രദോഷംവരെ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് അന്നപാനീയ ഭോഗാതികളിൽ നിന്നും വിട്ടുനിൽക്കലാകുന്നു വ്രതം. റമദാൻ മാസത്തിലാണിത് നിർബന്ധമായിട്ടുള്ളത്. ചന്ദ്രമാസങ്ങളിൽ ഒമ്പതാമത്തേതാണ് റമദാൻ. നബി (സ) ക്ക് ഖുർആൻ അവതരണം ആരംഭിച്ചതും ഈ മാസത്തിലാണ്.

ഹൃദയത്തിൽ വിശ്വാസവും ഭക്തിയും വർദ്ധിക്കുക, ക്ഷമപരിശീലിക്കുക എന്നിവ നോമ്പിൻെറ മഹദ്ഗുണങ്ങളിൽ പെടുന്നു. വ്രതം ദൈവത്തിനെറയും മനുഷ്യൻെറയും ഇടയിലുള്ള തികഞ്ഞ രഹസ്യമാകുന്നു. കാരണം, ആരോരുമില്ലാത്തിടത്തുവച്ച് മനുഷ്യന് അന്നപാനീയങ്ങൾ കഴിക്കാമല്ലോ. അതാരും അറിഞ്ഞു കൊള്ളണമെന്നില്ല. അല്ലാഹുവല്ലാതെ മറ്റാരും തന്നെ കാണുന്നില്ല എന്ന ദൃഢബോധ്യത്തോടെ, അവൻെറമാത്രം പ്രീതി മോഹിച്ചുകൊണ്ട് അന്നപാനീയങ്ങൾ ഉപേക്ഷിച്ചാൽ അത് ഭക്തിയും വിശ്വാസവും വർദ്ധിക്കാൻ കാരണമാകും. അതുകൊണ്ട് തന്നെ നോമ്പുകാരൻെറ പ്രതിഫലം അല്ലാഹുവിൻെറയടുക്കൽ അതിമഹത്തരമാണ്.

## 5-ഹജ്ജ്

ഒരുമുസ്ലിം തൻെറജീവിതത്തിൽ ഒരിക്കൽ മാത്രമേ ഇതു നിർവ്വഹിക്കൽ നിർബന്ധമുള്ളൂ. ചന്ദ്രമാസങ്ങളിൽ അവസാന മാസമായ ദുൽഹിജ്ജ മാസത്തിൻെറ

ആദ്യത്തിൽ മുസ്‌ലിം മക്കയിലുള്ള പുണ്യ സ്ഥലങ്ങളി ലേക്ക് യാത്രയാകുന്നു. മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പ് തൻെറവസ്ത്രം മാറ്റി ഇഹ്റാം വസ്ത്രം അണി യുന്നു. വെളുത്ത ഒരുതുണിയും ഒരു മേൽമുണ്ടുമാണ് ഇത്.

തുടർന്ന് ത്വവാഫ്, സഅ്യ്, അറഫയിൽ നിൽക്കൽ, മുസ്ദലിഫയിൽ രാപാർക്കൽ തുടങ്ങിയ ഹജ്ജിൻെറ കർമ്മങ്ങൾ അനുഷ്ഠിക്കുന്നു. ഭൂമുഖത്ത് മുസ്‌ലിംക ളുടെ ഏറ്റവുംവലിയ ഒത്തുകൂടലാകുന്നു ഹജ്ജ്. പരസ് പര സാഹോദര്യവും ഗുണകാംക്ഷയുമാണവരെ അവി ടെ നയിക്കുന്നത്. അവരുടെയെല്ലാം വേഷം ഒന്ന്, കർ മ്മങ്ങൾ ഒന്ന്. ഒരാൾക്കും അപരനെക്കാൾ യാതൊരു മഹിമയുമില്ല, ഭയഭക്തിയിലല്ലാതെ.

## സമാപനം

ദൈവത്തിൻെറ ഏകത്വം പൂർണ്ണമായി പ്രഖ്യാപിക്കു ന്ന ഇസ്‌ലാംമതം ഇതാണ്. "ലാഇലാഹ ഇല്ലല്ലാഹു" അ തിൻെറ അടയാളമാകുന്നു. ദൈവം തൻെറ ദാസർക്ക് തൃപ്തിപ്പെട്ട മതം ഇതാകുന്നു. ഇതല്ലാതെ അല്ലാഹു യാതൊന്നും മതമായി സ്വീകരിക്കുകയില്ല. ഇതാണ് ഇസ്‌ലാം. ഇതിൽ വിശ്വസിച്ച് സൽകർമ്മങ്ങൾ ചെയ്ത വൻ അനുഗ്രഹീത സ്വർഗ്ഗത്തിൽ പ്രവേശിക്കും. മനുഷ്യ രിൽ ഏതെങ്കിലും ഒരുജാതിക്കോ ഒരുവിഭാഗത്തിനോ മാത്രമുള്ളതുമല്ല ഇത്. ഇതിൽ വിശ്വസിക്കുകയും അതി ലേക്കു മറ്റുള്ളവരെ ക്ഷണിക്കുകയും ചെയ്യുന്നവൻ ഇ തിൽ ഉന്നതസ്ഥാനീയൻ. അവൻ അല്ലാഹുവിൻെറയടു ക്കൽ മാന്യൻ.

മാന്യസുഹൃത്തേ!
ഈ മതത്തെ കുറിച്ചു ജനങ്ങൾക്കിടയിലുള്ള- ഇത് സ്വീകരിക്കുന്നതിൽ നിന്നും അവരെ തടയുന്ന- ചില സുപ്രധാന തെറ്റിദ്ധാരണകൾ ഇവിടെ കുറിക്കട്ടെ.

1-ഇസ്ലാം മതത്തിൻെറ വിശ്വാസ, നിയമ, മര്യാദകളെ കുറിച്ചുള്ള അജ്ഞത. മനുഷ്യൻ തനിക്കറിയാത്തതിൻെറ ശത്രുവാണെന്നാണല്ലോ ചൊല്ല്. അതിനാൽ ഇസ്ലാം മതത്തെ കുറിച്ച് അറിയണമെന്നാഗ്രഹിക്കുന്നവർ പഠിക്കുക, വീണ്ടും പഠിക്കുക. ഇസ്ലാമിൻെറ യഥാർത്ഥ മൂലപ്രമാണങ്ങളിൽ നിന്ന് ഇതിനെ മനസ്സിലാക്കുക. തുറന്ന മനസ്സോടെ സത്യാന്വേഷണ ത്വരയോടെ പഠിക്കുക.

2-താൻ ജനിച്ചു വളർന്ന മതത്തിൻെറ സത്യാസത്യത്തെകുറിച്ച് ആഴത്തിൽ ആലോചിച്ചു മനസ്സിലാക്കാതെ തൻെറആചാരങ്ങളിലും സംസ്കാരങ്ങളിലുമുള്ള പക്ഷപാതിത്വം. പിതാക്കളുടെയും പ്രപിതാക്കളുടെയും ആചാരമല്ലാതെ മറ്റെല്ലാ മതങ്ങളെയും നിരസിക്കുന്ന ജാതീയതയിലേക്ക് അതെത്തിച്ചേരുന്നു. ഈ പക്ഷപാതിത്വം അവൻെറ കണ്ണുകളെ മൂടിക്കളയുന്നു, ചെവികൾ അടച്ചുകളയുന്നു. ചിന്തയെ മരവിപ്പിക്കുന്നു. തന്മൂലം മനുഷ്യൻ സ്വതന്ത്രമായി ചിന്തിക്കാതെപോകുന്നു. ഇരുളും വെളിച്ചവും അവനു തിരിച്ചറിയാതെയാകുന്നു.

3-ദേഹേഛകളും ആഗ്രഹങ്ങളും. ഇവ മനുഷ്യചിന്തയെ അവ ഉദ്ദേശിക്കുന്നേടത്തേക്ക് കൊണ്ടുപോകും. മനുഷ്യനറിയാതെ അവനെ നശിപ്പിച്ചുകളയും. സത്യം അംഗീകരിക്കുക, അത് സ്വീകരിക്കുക എന്നിവയിൽ

നിന്ന് അവനെ തടയുകയും ചെയ്യും.

4-ചില മുസ്‌ലിംകളിലുള്ള തെറ്റുകളും ജീർണ്ണതകളും. മറ്റുള്ളവർ അത് ഇസ്‌ലാമായി കാണുകയും അതുമൂലം ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇസ്‌ലാം അതിനുത്തരവാദിയല്ല. വ്യക്തികളുടെ തെറ്റുകൾക്ക് അല്ലാഹുവിൻെറമതം ഉത്തരവാദിയല്ലെന്ന് എല്ലാവരും ഓർത്തിരിക്കുക.

സത്യവും സന്മാർഗ്ഗവും കരഗതമാകാനുള്ള എളുപ്പ മാർഗ്ഗം, മനുഷ്യൻ വിനയാന്വിതനായി തൻെറ മനസ്സിനെ ദൈവത്തിലേക്കു തിരിക്കലാകുന്നു. അവക്ര മാർഗ്ഗവും ദൈവം തൃപ്തിപ്പെടുന്ന, ഒരിക്കലും നിർഭാഗ്യത്തിലകപ്പെടാത്ത, ശാശ്വത സൗഭാഗ്യം ലഭിക്കുന്ന യഥാർത്ഥ മതം കാണിച്ചുതരാനും മനമുരുകി പ്രാർത്ഥിക്കുക. അറിയുക! പ്രാർത്ഥിക്കുന്നവൻെറ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം ചെയ്യാതിരിക്കില്ല.

للإسهام في طباعة الكتب فإن المكتب له

حساب خاص بطباعة الكتب وهو

١٠٦٥٥ / ٢ شركة الراجحي المصرفية - فرع سلطانة

المليبارية
٢١٤

# الدين الحق



ردمك ٠-٢٩-٨١٣-٩٩٦٠

The Cooperative Office For Call And Guidance at Sultanah
Under the Supervision of
Ministry of Islamic Affairs Endowment and Call and Guidance
Tel. 4240077 Fax 4251005 P.O.Box 92675 Riyadh 11663 - Al-Swaidi Str. K.S.A
E-mail : Sultanah@hotmail.com